**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2277** **06-07-2022 - ൽ മറുപടിയ്ക്ക്**

**കൊച്ചിയിൽ വേസ്റ്റ് ടു എനർജി പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി കോർപ്പറേഷനിൽ മാലിന്യ സംസ്കരണ യൂണിറ്റ് കാര്യക്ഷമമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് കാര്യക്ഷമമാക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ; | (എ) | ഇല്ല.<br><br>കൊച്ചി നഗരസഭയുടെ അധീനതയിൽ ബ്രഹ്മപുരത്ത് 250 ടൺ പ്രതിദിന ശേഷിയുള്ള ഒരു വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ടി പ്ലാന്റിൽ നഗരസഭയിലേയും സമീപത്തുള്ള ഏഴ് തദ്ദേശസ്ഥാപനങ്ങളിലെയും ജൈവ മാലിന്യങ്ങൾ എത്തിച്ച് സംസ്കരിച്ച് വളമാക്കിമാറ്റുന്നു. ഖരമാലിന്യ സംസ്കരണത്തിനായി ബ്രഹ്മപുരത്ത് 300 ടൺ പ്രതിദിന ശേഷിയുള്ള പുതിയ വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റിന്റെ ഡി.പി.ആർ. തയ്യാറാക്കി നഗരസഭ കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | വേസ്റ്റ് ടു എനർജി പ്ലാന്റിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ? | (ബി) | എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനു KSIDC ടെൻഡർ നടപടികൾ സ്വീകരിക്കുകയും ടെൻഡർ നടപടികൾ പാലിച്ചു ഒരു കമ്പനിയെ പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുത്തിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട സ്വകാര്യ പങ്കാളി മാനദണ്ഡ പ്രകാരം പദ്ധതി നടത്തിപ്പിനായി കൊച്ചി വേസ്റ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ട്.<br><br>കൊച്ചി കോർപ്പറേഷനും എറണാകുളം ജില്ലയിലെ മറ്റു മുനിസിപ്പാലിറ്റികളും ഉൾപ്പെടെ 14 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് എറണാകുളം ജില്ലയിലെ ക്ലസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബ്രഹ്മപുരത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന പ്ലാന്റ് പ്രതിദിനം ഉദ്ദേശം 500 ടൺ വരെ ശേഷിയുള്ളതായിരിക്കും. ജൈവവും അജൈവവുമായ മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിച്ചു സംസ്കരിച്ചു ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലായിരിക്കും പ്ലാന്റിന്റെ പ്രവർത്തന രീതി. |

| | | | |
|---|---|---|---|
| | | | കൊച്ചി കോർപ്പറേഷൻ ഒഴികെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിക്കായുള്ള കൺസഷൻ എഗ്രിമെന്റ് കമ്പനിയുമായി ഒപ്പു വച്ചുകഴിഞ്ഞു. കൗൺസിൽ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് കൺസെഷൻ എഗ്രിമെന്റ് ഒപ്പു വയ്ക്കുന്നതാണെന്ന് കൊച്ചി കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. പദ്ധതിക്കായുള്ള DPR തയ്യാറാക്കുന്ന നടപടികളും കമ്പനിയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ